HON'BLE MR. K. M. KORAH : ഹാസ്പിറ്റൽസ്, സ്റ്റോറേജ് ഫോ ഴ്സസ്, പോലീസ്, റസ്റ്റോറൻസ് ബോർഡിങ്ങ് ഹൌസസ്സ, മുതലായവയാണ്.

MR. K. A. MATHEW : ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങൾ അല്ലാത്തവയിൽനിന്നും കൂടുതൽ വില ഈടാക്കുന്നതു് തെറ്റാണെന്നു് അറിയാമോ ?

HON'BLE MR. K. M. KORAH : ഗവണ്മെൻറ് ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെക്കുറിച്ചു് ആലോചിക്കാം.

MR. K. A. MATHEW : ഇതിനെക്കുറിച്ചു് ഏതെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : കിട്ടിയതായി അറിവില്ല.

MR. MOHAMMED MUSTAFA : ഈ സ്ഥാപനങ്ങളിൽ പള്ളികളും ഉൾപ്പെടുമോ ?

HONB'LE MR. K. M. KORAH : ഇല്ല.

MR. MOHAMMED MUSTAFA : പള്ളികൾക്കു് കൊടുക്കുന്ന അരിക്കും ഈ വില ഈടാക്കിട്ടുള്ളതായി അറിയാമോ ?

HONB'LE MR. K. M. KORAH : അതിനെക്കുറിച്ചു് അന്വേഷിക്കാം.

MR. MOHAMMED MUSTAFA :-രേഖാമൂലം ഈ സംഗതി ഗവണ്മെൻറ് ശ്രദ്ധയിൽ കൊണ്ടുവന്നാൽ അതിനെക്കുറിച്ചു് നടപടി നടത്താമോ?

HON'BLE MR. K. M. KORAH : അങ്ങനെ കൊണ്ടുവരുമ്പോൾ അതിനേപ്പറ്റി ആലോചിക്കാം.

MR. K. A. MATHEW : ഈ വിഷയത്തെപ്പറ്റി ഞാൻതന്നെ ഇതിനു മുമ്പു നിവേദനം നടത്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. M. KORAH : അറിവില്ല. എന്നാൽ അന്വേഷിക്കാം.

Jenmikaram.

263. MR. P. NANOO : Will the Honourable Minister for Land be pleased to state the actual or approximate annual expense met by the Government for collecting jenmikaram ?

HON'BLE MR. C. KESAVAN : Rs. 51,587 approximately.

MR. K. A. MUHAMMED : ഇതിൽ ഗവണ്മെൻറിൽ നിന്നും എടുക്കുന്ന കമ്മീഷൻ എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. C. KESAVAN : ഗവണ്മെൻറിൽനിന്നും അങ്ങനെ കമ്മീഷനായിട്ടൊന്നും എടുക്കുന്നില്ല. ചെലവായതുപോയിട്ട് ബാക്കിയെ എടുക്കുന്നുള്ളൂ.

MR. P. NANOO : ചെലവ് ഏതിനങ്ങൾക്കൊണ്ട് ഗവണ്മെൻറിൽ നിന്നും കൊടുക്കുന്നതെന്നറിയാമോ ?

HON'BLE MR. C. KESAVAN : പ്രോറേറ്റാ അനുസരിച്ചുള്ള എല്ലാ ചെലവും ഉൾപ്പെട്ടും.

നെൽ കൃഷി.

264. MR. P. K. KUMARAN ASARI (*Meenachil I—Kammala Reserved*): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ ?

(എ) കരപ്പാടങ്ങളിൽ നെൽ കൃഷി വളരെ മോശമാകുന്നതിൻറെ കാരണം വെള്ളത്തിൻറേയും വളത്തിൻറേയും ദൗർലഭ്യം കൊണ്ടോ മറ്റു വല്ല കാരണങ്ങളാലോ ആണോ എന്നു ഗവണ്മെൻറിൽ നിന്നു അന്വേഷണം ചെയ്തിട്ടുണ്ടോ ?

(ബി) അപ്രകാരമുള്ള പാടങ്ങൾക്കു സമീപം വളം ഡിപ്പോ കൾ സ്ഥാപിക്കുന്നതിനുള്ള വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

HON'BLE MR. K. M. KORAH : (*a*) കരപ്പാടങ്ങളിൽ നെൽ കൃഷി മോശമാകുന്നതിനുള്ള കാരണം മിക്കവാറും വെള്ളത്തിൻറേയും വളത്തിൻറേയും ദൗർലഭ്യം തന്നെയാണ്.

(ബി) അപ്രകാരമുള്ള സ്ഥലങ്ങളിൽ വളം ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

MR. P. K. KUMARAN ASARI : വെള്ളത്തിൻറെ ദൗർലഭ്യംകൊണ്ട് വൈഷമ്യം ഉണ്ടാകുന്ന കരപ്പാടങ്ങളെ റ്റ്യൂബുവഴി പമ്പു ചെയ്തിച്ച് ജലസേചനം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാമോ ?

LIBRARY ARCHIVES Kerala Legislative Assembly